"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി.ആർ. സന്ധ്യ-യ്ക്ക് 31/08/2023 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി ( ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.430/2024/AGRI തീയതി,തിരുവനന്തപുരം, 09-05-2024

---

പരാമർശം:-
1. സർക്കുലർ നം :78/2022/ധന, തീയതി 05/09/2022
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ) യുടെ 14/08/2023 ലെ GE30/C/S-96/267 നമ്പർ കത്ത്.
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 12/04/2024, 30/04/2024 തീയതികളിലെ ADFW/7600/2023-SB4 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ 31/05/2025 ന് സേവന കാലയളവ് പൂർത്തിയാക്കുന്ന കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി.ആർ.സന്ധ്യ, 31/08/2023 തീയതി പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിനുള്ള അനുമതി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം ശിപാർശ ചെയ്ത് സമർപ്പിക്കുകയുണ്ടായി.

2) ടിയാൾക്കെതിരെ അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലെന്ന് കൃഷി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീമതി.ആർ. സന്ധ്യയുടെ സേവന വിവരങ്ങൾ പരാമർശം (2) പ്രകാരം അക്കൗണ്ടന്റ് ജനറൽ ലഭ്യമാക്കിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി.ആർ. സന്ധ്യയ്ക്ക് 31/08/2023 AN പ്രാബല്യത്തിൽ സേവനത്തിൽ നിന്നും സ്വയം വിരമിക്കുന്നതിന് KSR Part III ചട്ടം 56 ലെ വ്യവസ്ഥ പ്രകാരവും പരാമർശം (1) സർക്കുലർ പ്രകാരവും അനുമതി നൽകി ഉത്തരവാകുന്നു.

4) സ്വയം വിരമിക്കലിനായി സമർപ്പിക്കുന്ന അപേക്ഷകളിന്മേൽ പരാമർശം (1) സർക്കുലർ പ്രകാരം സമയബന്ധിതമായി തുടർ നടപടി സ്വീകരിക്കുന്നുണ്ട് എന്ന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മുഹമ്മദ് ഹനീഫ.എം.എം.**

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതി.ആർ. സന്ധ്യ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ

മുഖാന്തിരം)

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി **(കൃഷി-ഇഎ1/96/2024-കൃഷി)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ